പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2676 **28-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികളുടെ നിർവ്വഹണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) മേജർ ഇറിഗേഷന്റെ കീഴിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രത്യേകിച്ച് കുട്ടനാട് - അപ്പർ കുട്ടനാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന എ.സി. കനാലിൽ പായിപ്പാട് പഞ്ചായത്തിന്റെയും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെയും പരിധിയിൽ വരുന്ന 3.5 കിലോമീറ്റർ ഭാഗത്തെ പോള നീക്കം ചെയ്യലുമായി ബന്ധപ്പെട്ട് നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: പായിപ്പാട് പഞ്ചായത്തിന്റെയും ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെയും പരിധിയിൽ വരുന്ന എ.സി കനാലിലെ പോള നീക്കം ചെയ്യുന്ന IWT പ്രവൃത്തികൾ 'GENERAL CSIND-IWT-Improvement to AC Canal—Removal of Water Hyacinth of AC canal and its connection canals in Chanaganacherry Municipality' – General Civil Work (10.1 Lakhs) and 'GENERAL- CSIND-IWT-Improvement to AC Canal— Removal of Water Hyacinth of AC canal in Payippad Panchayath' – General Civil Work(14.9 Lakhs) - രണ്ടു പ്രവൃത്തികളും നിലവിൽ 98% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മറ്റ് തോടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ഒഴുക്കും പോള നിക്ഷേപിക്കാനുള്ള സ്ഥലപരിമിതിയും ടി പ്രവൃത്തികളെ ബാധിക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: പ്രസ്തുത പ്രവൃത്തിയുടെ വേളയിൽ നീക്കം ചെയ്ത പോളയും ചെറുതോടുകളിൽ നിന്നും മറ്റും ഒഴുകി എത്തിയ മാലിന്യങ്ങളും നിക്ഷേപിക്കാൻ ടി പ്രവൃത്തി സ്ഥലത്തിന്റെ പരിസരങ്ങളിൽ സ്ഥല പരിമിതി ഉണ്ടായതിനാൽ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി ചെയർമാനെ ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ളായിക്കാട്ടുള്ള മുനിസിപ്പാലിറ്റിയുടെ സ്ഥലം ലഭ്യമായെങ്കിലും രണ്ടാം ദിവസം സമീപവാസികളുടെ പ്രതിഷേധം മൂലം നിക്ഷേപം തടസ്സപ്പെട്ടു. ഇതേത്തുടർന്ന് കരാറുകാരൻ തന്നെ സ്വകാര്യ സ്ഥലം കണ്ടെത്തി നിക്ഷേപിച്ചിട്ടുള്ളതാണ്.

(സി) ചങ്ങനാശ്ശേരി - ആലപ്പുഴ ബോട്ട് റൂട്ടിലെ പോള നീക്കം ചെയ്യുന്നതിനായി ഈ വർഷം അനുവദിച്ച പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ നിലവിലെ പുരോഗതി എന്താണെന്നും ഓരോ വർഷവും നീക്കം ചെയ്യേണ്ട പോളയുടെ അളവ് കണക്കാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

മറുപടി: 2025-26 വർഷത്തിലെ ചങ്ങനാശ്ശേരി ആലപ്പുഴ ബോട്ട് റൂട്ട് കനാലിലെ പോള നീക്കം ചെയ്യുന്നതിനായുള്ള പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. മുൻകാല വർഷങ്ങളിൽ നീക്കം ചെയ്യേണ്ടി വരുന്ന പോളയുടെ അളവ് കണക്കിലെടുത്താണ് ഓരോ വർഷവും ടി പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്.

(ഡി) വാഴപ്പള്ളി പഞ്ചായത്തിലെ ഓഡിറ്റി പാടശേഖരത്തിനു സമീപമുള്ള കലിങ്ക് നിർമ്മാണത്തിനായി തുക അനുവദിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് പ്രവൃത്തിസ്ഥലം കൈമാറിയിട്ടുണ്ടോ; കൊയ്ത്ത് കഴിഞ്ഞയുടൻ കൃഷിക്ക് തടസ്സമില്ലാത്ത രീതിയിൽ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: GENERAL-CSIND - IWT -Improvement to Kuttisserikadavu canal-Construction of Box culvert near odetti padasekharam in ward no.21 of Vazhappally panchayath-General Civil Work പ്രവൃത്തിസ്ഥലം ടെൻഡർ നടപടികൾ പൂർത്തീകരിച്ചു 17.05.2026 ന് കരാറുകാരന് കൈമാറിയിട്ടുള്ളതും കൃഷിക്ക് തടസ്സമുണ്ടാകാത്ത രീതിയിൽ മാർച്ച് മാസം കൊയ്ത്ത് കഴിഞ്ഞയുടനെ തന്നെ കലുങ്കിന്റെ പ്രവർത്തി ആരംഭിച്ചു പൂർത്തീകരിക്കാനും കരാറുകാരനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) പെരുമ്പുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം കൈമാറിയിട്ടും പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കരാറുകാരന് നൽകിയിട്ടുള്ള നിർദ്ദേശങ്ങളും തുടർന്നുള്ള അടിയന്തര നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: പ്രസ്തുത പ്രവർത്തിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കരാറുകാരനെ ഉൾപ്പെടുത്തി യോഗം വിളിക്കുകയും ടി പ്രവർത്തിയ്ക്ക് വേണ്ട പുരോഗതി കൈവരിക്കുവാനും പ്രവൃത്തി കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുരോഗമിച്ച് വരുന്നു.

(എഫ്) നടപ്പു സാമ്പത്തിക വർഷത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പുതുതായി എന്തെങ്കിലും വികസന പദ്ധതികളോ പൈലറ്റ് പ്രൊജക്ടുകളോ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് രേഖാമൂലം വ്യക്തമാക്കാമോ?

മറുപടി: നടപ്പു സാമ്പത്തിക വർഷത്തിൽ ചങ്ങനാശ്ശേരി വള്ളംകളിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി "GENERAL-Changanassery Boat Race 2026-Preparation Works including cleaning and Desiltation in AC Canal in Changanassery Taluk-General Civil Work" എന്ന പ്രവൃത്തിക്ക് 12.00 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ടി പ്രവർത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ